**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2458** — **12.06.2018 ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ**

**ചോദ്യം** — **ശ്രീ.അബ്ദുൽ ഹമീദ്.പി**

**മറുപടി** — **എ.സി. മൊയ്തീൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു, പ്രധാനമായും കേരളോത്സവം, നാടകോത്സവം, ദേശീയ നാടൻകലാമേള, ചിത്രകലാക്യാമ്പ്, ഇന്റർ നാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആർട്ട് ഡി ടൂർ മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ്ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തിരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.<br><br>യുവജനങ്ങൾക്കു വേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ |

| | | | |
|---|---|---|---|
| | | | ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിന് ഒരു വർഷം എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഓരോ വർഷവും ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ,ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 2100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 1260 ലക്ഷം രൂപ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുക മുഴുവനായും ബോർഡ് വിനിയോഗിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത ബോർഡിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം ശമ്പളം, യാത്രാബത്ത, മറ്റിനങ്ങൾ എന്നിവയായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം ബോർഡിന്റെ വൈസ് ചെയർമാൻ ഓണറേറിയം ഇനത്തിൽ 2,40,000/- (20,000 X 12) രൂപയും യാത്രാബത്ത ഇനത്തിൽ14,888/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ ബോർഡ് മെമ്പർമാർക്ക് താഴെപ്പറയുന്ന രീതിയിൽ യാത്രാബത്തയും അനുവദിച്ചിട്ടുണ്ട്.<br><br>1. ശ്രീ.സതീഷ്. എസ് - 15,556/-രൂപ<br>2. ശ്രീ.ഷെരീഫ് പാലൊളി - 30,054/-രൂപ<br>3. ശ്രീമതി.വി.പി. റജീന - 11,804/-രൂപ<br>4. ശ്രീ.മഹേഷ് കക്കത്ത് - 5,800/-രൂപ<br>5. ശ്രീ.ബിജു. കെ - 3,250/- രൂപ<br>6. ശ്രീ.മനു.സി.പുളിക്കൽ - 4,456/-രൂപ<br>7. ശ്രീ.ഡീൻ കുര്യാക്കോസ് - 2,800/- രൂപ<br>8. ശ്രീ.അഫ്സൽ കുഞ്ഞുമോൻ - 14,566/-രൂപ<br>9. ശ്രീ.സന്തോഷ് കാല - 39,394/-രൂപ |

സെക്ഷൻ ഓഫീസർ